LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 ഒക്ടോബർ 22, ബുധൻ

വാല്യം LXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

നിയമസഭ 1986 ഒക്ടോബർ 22-ാം തീയതി ബുധനാഴ്ച രാവിലെ 8-30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ, ഓർഡർ, ചോദ്യോത്തരങ്ങൾ ചോദ്യം നമ്പർ 36

സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കാൻ നടപടി

*36 [36] ശ്രീ. ആർ. എസ്. ഉണ്ണി :
,, ഒ. രേതൻ :
,, എം. ജിനദേവൻ :
,, കെ. പി. പ്രഭാകരൻ :
,, സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്താണെന്നു വെളിപ്പെടുത്തുമോ ;

(സി) ഇതിനുവേണ്ടി മണി ലെൻഡേഴ്സ് ആക്ടിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഗവൺമെൻറ് അംഗീകാരം നൽകിയ ഇത്തരം എത്ര സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ട് ;

(ഇ) അനധികൃതമായി പ്രവർത്തിക്കുന്ന എത്ര സ്വകാര്യ പണമിടപാടുകാരുടെ പേരിൽ ഇതുവരെ നടപടികളെടുത്തിട്ടുണ്ട് ;

(എഫ്) അവ ആരുടെയെല്ലാം പേരിലാണെന്ന് വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) ഉണ്ട്.

(ബി) കേരളാ മണി ലെൻഡേഴ്സ് ആക്ടിലെയും റിസർവ് ബാങ്ക് ഓഫ് ഇൻഡ്യാ ആക്ടിലെയും വ്യവസ്ഥകളനുസരിച്ച് നടപടികളും സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളും റെയ്ഡ് ചെയ്യുകയും കുറ്റക്കാർക്കെതിരെ നടപടികളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെക്കുറിച്ച് ശരിയായ വിവരമറിയാതെ, പരസ്യങ്ങളിലെ പലിശനിരക്കുകളും മാത്രം കണ്ട് മോഹിച്ച് നിക്ഷേപം കൊടുക്കുന്ന ആളുകളെ ബോധവാൻമാരാക്കുന്നതിന് ധാരാളം പ്രചരണം നടത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി അത്തരം സ്ഥാപനങ്ങൾക്ക് പുതിയ നിക്ഷേപം കിട്ടാത്ത ഒരു പരിതഃസ്ഥിതി ഉണ്ടാക്കിയിട്ടുണ്ട്. ഇതിനുംപുറമേ, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കുമ്പോൾ, വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോയെന്ന് കർശനമായി പരിശോധിക്കാൻ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 6863.

(ഇ) &

(എഫ്) കേരളാ മണിലെൻഡേഴ്സ് ആക്ടിലെയും റിസർവ് ബാങ്ക് ഓഫ് ഇൻഡ്യാ ആക്ടിലെയും വ്യവസ്ഥകളനുസരിച്ച് താഴെ പറയുന്ന സ്ഥാപനങ്ങൾ പരിശോധിച്ചിട്ടുണ്ട്.

1. ലാ-ബെല്ലാ ഫൈനാൻസിയേഴ്സ്-കൊച്ചിൻ
2. മണി ആൻഡ് കമ്പനി, പാലക്കാട്
3. സമരിയാസ് ഫൈനാൻസിയേഴ്സ്, പട്ടം, തിരുവനന്തപുരം
4. സൗത്ത് ഇൻഡ്യാ ഫൈനാൻസിയേഴ്സ്, തിരുവനന്തപുരം
5. നാഷണൽ ഫൈനാൻസിയേഴ്സ്, തിരുവനന്തപുരം
6. യുണൈറ്റഡ് ഫൈനാൻസിയേഴ്സ് ആൻഡ് ഇൻവെസ്റ്റ്മെൻറ് കമ്പനി, കോട്ടയം
7. പ്രിയദർശിനി ഫൈനാൻസിയേഴ്സ്, കോട്ടയം
8. ട്രാവൻകൂർ ഫൈനാൻസിയേഴ്സ് എൻറർപ്രൈസസ് ആൻഡ് ചിട്ടി ഫണ്ട്, കോട്ടയം.

ശ്രീ. ആർ. എസ്. ഉണ്ണി : സർ, ഈ ബ്ലേഡ് കമ്പനികളെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശേഷിപ്പിക്കുന്നതും, ആരോപിക്കുന്നതുമായിട്ടുള്ള സ്ഥാപനങ്ങളും, സ്വകാര്യപണമിടപാട് സ്ഥാപനങ്ങളും എന്നിവയ്ക്ക് എതിരായിട്ട് ഇന്നുള്ള സംവിധാനം വച്ചുകൊണ്ട് കർശനമായ നടപടികളെടുക്കാനുള്ള വല്ല പ്രയാസങ്ങളുമുണ്ടോ, ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാൻ തയ്യാറാകുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, ഇന്ന് നിലവിലുള്ള നിയമം 1958-ൽ ഇവിടെ പാസ്സാക്കപ്പെട്ടതാണ്. 1958-ൽ കേരളത്തിൽ മണി ലെൻഡേഴ്സ് വളരെ പരിമിതമായ ആളുകൾ മാത്രമായിരുന്നു. അതുകൊണ്ട് ഈ വ്യവസ്ഥയനുസരിച്ച് മണി ലെൻഡേഴ്സ് ആക്ടിൽ,

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവകുപ്പിന്റെ കീഴിൽ അവർക്ക് ലൈസൻസ് കൊടുക്കുകയും, പരിശോധന നടത്തേണ്ടത് (ഫൈനാൻസിന്റെ) ടാക്സസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലാക്കുകയും ചെയ്തിരുന്നു. അതുകൊണ്ട് ഫലപ്രദമായ നടപടി നടത്തുവാൻവേണ്ടി ഇതെല്ലാം വ്യവസായ വകുപ്പിൽനിന്നും ടാക്സസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലേക്ക് മാറ്റുകയുണ്ടായി. എന്നിരുന്നാലും നിലവിലുള്ള ആക്ടിലൂടെ അവരെ നിയന്ത്രിക്കുന്നതിന് പര്യാപ്തമായ പല വ്യവസ്ഥകളും പോരാ എന്ന് ഗവൺമെന്റ് മനസ്സിലാക്കുന്നു. കേരളാ മണി ലെൻഡേഴ്സ് ആക്ടിൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ടിന്റെ വാറണ്ട് അനുസരിച്ചു മാത്രമെ ഓരോ സ്ഥാപനവും പരിശോധിക്കാനധികാരമുള്ളു, പെട്ടെന്നും രഹസ്യമായും പരിശോധന നടത്തുന്നതിന് ഇത് ഒരു തടസ്സമാണ്. സാമ്പത്തികസ്ഥിതി കാണിക്കുന്ന സ്റ്റേറ്റുമെന്റ് ആവശ്യപ്പെട്ടാൽ അത് നൽകുന്നതിന് ഈ സ്ഥാപനങ്ങൾക്ക് നിയമപരമായി ബാദ്ധ്യതയില്ല. മണി ലെൻഡേഴ്സിന് ബിസിനസ് തുടങ്ങുന്നതിന് മുൻകൂർ ലൈസൻസ് ലഭിച്ചിരിക്കണമെന്നില്ല. 1,000 രൂപ ലൈസൻസിനു വേണ്ടി ട്രഷറിയിൽ അടച്ചാൽ അന്നുമുതൽ ബിസിനസ് ആരംഭിക്കാം. ഇതുമൂലം പല പേരിലും ബിസിനസ് നടത്താൻ ഒരാൾക്ക് അവസരം ലഭിക്കുന്നുണ്ട്. അതുപോലെതന്നെ നിക്ഷേപങ്ങൾക്കുള്ള പലിശ സംബന്ധിച്ച് ഇപ്പോൾ വ്യക്തമായ വ്യവസ്ഥയില്ല. സ്വകാര്യ പണമിടപാടുകാർക്ക് റിസർവ് ബാങ്ക് നിശ്ചയിക്കുന്ന പലിശ തന്നെ നൽകണമെന്ന് വ്യവസ്ഥ ഉണ്ട്. പക്ഷെ ഈ വ്യവസ്ഥകൾ പാലിക്കുന്നതിന് വ്യത്യസ്തമായ ആക്ടിലൂടെ ഫലപ്രദമായരീതിയിൽ സംസ്ഥാന ഗവൺമെന്റ് നിയന്ത്രിക്കുന്നെങ്കിൽ മാത്രമെ ഇവരെ കടിഞ്ഞാണിടാൻ കഴിയുവെന്നുള്ളതുകൊണ്ട് മണി ലെൻഡേഴ്സ് ആക്ടിൽ ആവശ്യമായ ഭേദഗതി ഈ സഭയിൽ അവതരിപ്പിക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി : സർ, സ്വകാര്യ പണമിടപാട് കമ്പനിക്കാർ നല്ല പ്രചരണം നടത്തുന്നുണ്ട്. തുടക്കത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ നടത്തിയ പ്രഖ്യാപനങ്ങൾക്ക് ചൂട് കുറഞ്ഞിട്ടുണ്ട്. ഈ സ്വകാര്യ പണമിടപാടുകാർ ഇന്നു നടത്തിക്കൊണ്ടിരിക്കുന്ന ബിസിനസ്സുകളൊക്കെ ഇതുപോലെയോ കുറേക്കൂടി ഫലപ്രദമായോ നടത്താൻ സാദ്ധ്യതകളുണ്ടാകുമെന്നും, ബഹുമാനപ്പെട്ട മന്ത്രിയെയും ഗവൺമെന്റിനെയും ഇക്കാര്യത്തിൽ സ്വകാര്യ പണമിടപാടുകാരും അവരുടെ ലോബികളും കാണേണ്ടതുപോലെ കണ്ടിട്ടുണ്ട് എന്നും പ്രചരണമുണ്ട്, അതു ശരിയാണോ ?

ശ്രീ. തച്ചടി പ്രഭാകരൻ : സർ, ബഹുമാനപ്പെട്ട മെമ്പർക്ക് തച്ചടിയെ ശരിയായിട്ട് അറിയാൻ വയ്യാത്തതുകൊണ്ടായിരിക്കും. ബഹുമാനപ്പെട്ട മെമ്പർമാർ ഈ സഭയിൽ അറിഞ്ഞിരിക്കേണ്ട ചില വസ്തുതകളുണ്ട്: കേരളത്തിൽ 11261 ആണ് 1984-ൽ ഉണ്ടായിരുന്ന ബ്ലേഡിംഗ് കമ്പനികൾ. ഇന്ന് ലൈസൻസ് കൊടുത്തിട്ടുള്ള 6800-ൽ ചിലപ്പോൾ ആളുകൾക്കു മാത്രമാണ് ലൈസൻസ് പുതുക്കിക്കൊടുക്കാൻ കഴിഞ്ഞിട്ടുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായ ഒരു നയം ഗവൺമെന്റിനുണ്ട്. ഗവൺമെന്റ് സ്വകാര്യ ബാങ്ക് വ്യവസായം നടത്തുന്നതിന് എതിരല്ല. ഗവൺമെന്റ് നിശ്ചയിക്കുന്ന, റിസർവ് ബാങ്ക് നിശ്ചയിക്കുന്ന പലിശ മാത്രമെ നിക്ഷേപങ്ങൾക്ക് വാങ്ങാൻ പാടുള്ളു. പാവപ്പെട്ട ആളുകൾ ഏതെങ്കിലും ആവശ്യത്തിനുവേണ്ടി വായ്പ എടുത്തുകഴിഞ്ഞാൽ കഴുത്തറുക്കുന്ന പലിശ ഈടാക്കുന്ന രീതിയിലുള്ള ബാങ്കിംഗ് വ്യവസായത്തെ അനുവദിക്കാതിരിക്കുന്നതിനുള്ള കർശനമായ നടപടി ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കും. പണത്തിന്റെ സ്വാധീനമുള്ളവരായതുകൊണ്ട് പല പ്രചരണങ്ങളും നടത്തും, അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മെമ്പറെപ്പോലെയുള്ളയാളുകളും, ഈ സഭയിലുള്ളവർ, ഭരണ കക്ഷിയിലും പ്രതിപക്ഷത്തുമുള്ളവർ യാതൊരു സംശയവുമില്ലാതെ അറിഞ്ഞിരിക്കേണ്ടതാണ് ഇവിടെ സ്വകാര്യ വ്യവസ്ഥായികളെ കർശനമായി നിയന്ത്രിക്കുമെന്നുള്ള കാര്യം.

ശ്രീ. എം. ജിനദേവൻ : സർ, ബ്ലേഡ് കമ്പനികളെന്നു പറയപ്പെടുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുമെന്ന് ഗവൺമെൻറ് ആവർത്തിച്ച് ആവർത്തിച്ച് പറയുന്നത് അല്ലാതെ ഇന്നോളം ഫലപ്രദമായ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്, മുൻ ധനകാര്യമന്ത്രി അദ്ദേഹത്തിൻെറ ബഡ്ജറ് പ്രസംഗത്തിൽ ചില നിയന്ത്രണങ്ങളും പ്രഖ്യാപിച്ചിരുന്നു. തൊട്ടടുത്ത ദിവസങ്ങളിൽ അതും ഉപേക്ഷിക്കുകയാണ് ചെയ്തത്. സർ, ഈ ധനകാര്യ സ്ഥാപനങ്ങളും അന്യായ പലിശയ്ക്ക് പണം കടം കൊടുക്കുന്നതു മാത്രമല്ല വലിയ പലിശ ഓഫർ ചെയ്ത് ഡെപ്പോസിറ്റുകളും സ്വീകരിക്കുന്നു. അതുമൂലം ഒരു സമാന്തര സമ്പദ്ഘടന വളർന്നുവരുന്നതിൻെറ ആപത്ത് മറ്റാരെക്കാളും കൂടുതൽ ധനകാര്യമന്ത്രിക്ക് ബോദ്ധ്യമുണ്ടെന്നാണ് എൻെറ വിശ്വാസം. ഈ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നിയമഭേദഗതി ചെയ്ത്, ഈ അന്യായ പലിശ ഓഫർ ചെയ്ത് ഡെപ്പോസിറ്റുകളും സ്വീകരിക്കുന്നതിനെ കർശനമായി നിയന്ത്രിക്കാനാവശ്യമായ വ്യവസ്ഥകളും പുതിയ നിയമത്തിൽ കൊണ്ടുവരുമോ?

ശ്രീ. തച്ചടി പ്രഭാകരൻ : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ ഇന്ന് നിലവിലിരിക്കുന്ന നിയമമനുസരിച്ച് കർശനമായ രീതിയിൽ ഇവരെ നിയന്ത്രിക്കാൻ വ്യവസ്ഥകളില്ല. 1983-ലെ റിസർവ് ബാങ്ക് അമൻറ്മെൻറ് ആക്ടനുസരിച്ച് ബാങ്ക് റേറിനേക്കാളും 3 ശതമാനം കൂടുതൽ പലിശ ഈടാക്കാൻ പാടില്ല. ലെൻഡ് ചെയ്യുന്നതിലും ബാങ്ക് റേറിനെക്കാളും 3 ശതമാനം കൂടുതൽ പലിശ ഈടാക്കാൻ പാടില്ലായെന്നാണ് പ്രൈവറ്റ് ഫൈനാൻസിയേഴ്സിനെ സംബന്ധിച്ചിടത്തോളം റിസർവ് ബാങ്ക് വ്യവസ്ഥ ചെയ്തിരിക്കുന്നത്. പക്ഷെ നമുക്കറിയാം പത്രങ്ങളിൽ 30.3 ശതമാനം പലിശ എന്ന് ഇപ്പോഴും പരസ്യം വരുന്നു. അധിക പലിശ 3 ശതമാനമെന്ന് ഉദ്ദേശിക്കുന്നത്, ബാങ്ക് റേറിനെക്കാളും 3 ശതമാനം കൂടുതൽ പലിശ ഈടാക്കാമെന്നാണ്. ഒന്നുരണ്ടു മാസത്തിനകമുള്ള പത്രമെടുത്തു വായിച്ചാലും അറിയാം 30+3, 40+3 എന്ന് പലിശനിരക്ക് പറഞ്ഞിട്ടുണ്ട്. ഞങ്ങളുടെ സെയിൽസ്ടാക്സ് ഉദ്യോഗസ്ഥൻമാർ പോയി പരിശോധിച്ചിട്ട് തന്നിരിക്കുന്ന കണക്ക് 12 ശതമാനം പലിശ ഈടാക്കുന്നുവെന്നാണ്. അതേസമയം മനോരമ, മാതൃഭൂമി എന്നീ പത്രങ്ങളിൽ 33, 40 ശതമാനം പലിശ എന്ന് പരസ്യം ചെയ്തതിൻെറ പേരിൽ നടപടിയെടുക്കാൻവേണ്ടി ഗവൺമെൻറ് മുൻപോട്ടു പോയി. ഇന്നത്തെ നിലവിലുള്ള ആക്ടിൻെറ വ്യവസ്ഥയനുസരിച്ച് അവരെ നിയന്ത്രിക്കാൻ വ്യവസ്ഥയില്ലെന്നു പറഞ്ഞ് മണി ലെൻഡേഴ്സ് ഹൈക്കോടതിയിൽ 47 കേസുകളും കൊടുത്തിട്ടുണ്ട്. ഇപ്പോൾ 47 കേസ്സുകളും സുപ്രീം കോടതിയിൽ നിൽക്കുകയാണ്. ഈ ഗവൺമെൻറ് ഹൈക്കോടതിയിൽ നിരന്തരമായി വാദം നടത്തി, കഴിഞ്ഞ രണ്ടു മാസമായി ഹൈക്കോടതിയിലുള്ള എല്ലാ കേസ്സുകളിലുമുള്ള സ്റേ വെക്കേറ്റു ചെയ്തു. ഹൈക്കോടതിയിലെ സ്റേ വെക്കേറ് ചെയ്തു കഴിഞ്ഞപ്പോൾ അവർ നേരെ സുപ്രീം കോടതിയിൽ പോയി. അവരുടെ കൈവശമുള്ളത് അന്യരുടെ കാശാണ്. അതുകൊണ്ട് അവർക്ക് ഹൈക്കോടതിയിൽ പോകുന്നതിൽ യാതൊരു തടസ്സവുമില്ല. ഇങ്ങനെ 47 കേസ്സുകളും സുപ്രീം കോടതിയിൽ കിടക്കുകയാണ്. സുപ്രീം കോടതിയിൽ പ്രത്യേകമായി അഡ്വക്കേറ്റിനെ വച്ച് ആ സ്റേ പിൻവലിച്ച് ഇവർക്ക് എതിരായി കർശനമായ നടപടി നടത്തുമെന്നതിൽ യാതൊരു സംശയവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഇ. ഇസ്മായിൽ : സർ, സ്വകാര്യ പണം ഇടപാട് സ്ഥാപനങ്ങൾ ഇവിടെ രജിസ്റ്റർ ചെയ്തു ഇവിടെ ഓഫീസിട്ട് പ്രവർത്തിക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ട് ഇവിടെ ബാങ്കുകൾ ഇട്ട് പ്രവർത്തിപ്പിക്കുന്നവരുമുണ്ട്. രജിസ്ട്രേഷനും ഓഫീസ് ബോർഡും ഒന്നുമില്ലാതെതന്നെ പണം കടം കൊടുക്കുന്ന അനേകം സ്ഥാപനങ്ങൾ ഉണ്ട്. ഈ സ്ഥാപനങ്ങളെല്ലാം റെയ്ഡ് ചെയ്യാനും പരിശോധിക്കാനും ഇന്നത്തെ വിൽപ്പന നികുതി വകുപ്പ് ഉദ്യോഗസ്ഥൻമാരെ മാത്രം ആശ്രയിക്കാതെ, ഇതിനുവേണ്ടി പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തെ സെയിൽസ്ടാക്സിന്റെ കീഴിൽത്തന്നെ സംഘടിപ്പിച്ച് ഈ റെയ്ഡ് പരിശോധനകളൊക്കെ കർശനമാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : സർ, ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ച് നമ്മുടെ സ്റ്റേറ്റിലെ സെയിൽസ്ടാക്സ് ആഫീസർമാർക്കും റിസർവ് ബാങ്ക് ഉദ്യോഗസ്ഥൻമാർക്കും പരിശോധിക്കാൻ അവകാശമുണ്ട്. റിസർവ് ബാങ്ക് ഉദ്യോഗസ്ഥൻമാർക്കും സെയിൽസ്ടാക്സ് ഉദ്യോഗസ്ഥൻമാർക്കും ഇങ്ങനെ പരിശോധിക്കാൻ വ്യവസ്ഥയുണ്ടെങ്കിലും അവർക്ക് കാര്യമായിട്ട് അവിടെ പരിശോധിക്കാൻ ഒക്കുകയില്ല. മജിസ്ട്രേട്ടിന്റെ വാറണ്ടുമൊക്കെ വാങ്ങിവരാൻ ബുദ്ധിമുട്ടുണ്ട്. എന്നാൽ ഇപ്പോൾ പരിശോധന നടത്തുന്നത് റിസർവ് ബാങ്ക് ഉദ്യോഗസ്ഥൻമാരും സെയിൽസ്ടാക്സ് ഉദ്യോഗസ്ഥൻമാരും ഒരുമിച്ചാണ്. അങ്ങനെ ഒരുമിച്ച് ഓരോ കമ്പനിയിലും പോയപ്പോഴാണ് അവർ ഹൈക്കോടതിയെയും സുപ്രീംകോടതിയെയും സമീപിച്ചിട്ടുള്ളത്. അതുകൊണ്ട് ഞാൻ ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തശേഷം റിസർവ് ബാങ്ക് ഗവർണ്ണറുമായി ഇക്കാര്യത്തെക്കുറിച്ച് രണ്ടുപ്രാവശ്യം ചർച്ച ചെയ്യുകയുണ്ടായി. സ്വകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കാനുള്ള റിസർവ് ബാങ്കിന്റെ ഇൻസ്പെക്ഷൻ വിംഗ് ഓഫീസ് ബാംഗ്ലൂരിലാണ് സ്ഥിതിചെയ്യുന്നത്. ഉടൻതന്നെ തിരുവനന്തപുരത്തുള്ള നമ്മുടെ റിസർവ് ബാങ്കിന്റെ ഓഫീസിന്റെ കീഴിൽ നല്ല ഒരു ഇൻസ്പെക്ഷൻ വിംഗിനെ അയയ്ക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഇപ്രകാരം ഈ നിയമത്തിലുള്ള പഴുതുകൾ മാറ്റിക്കൊണ്ട് ഇതിലെ വ്യവസ്ഥകൾ കുറെക്കൂടി കർശനമാക്കുമെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്. ഞങ്ങൾക്ക് കിട്ടിയിരിക്കുന്ന വിവരമനുസരിച്ച് കേരളത്തിലെ 90% സ്വകാര്യ വ്യവസായികളുടെയിടയിലും പുതിയ യാതൊരു നിക്ഷേപവും വന്നിട്ടില്ല. ഇപ്പോൾ അവർ മുന്നിൽ കാണുന്നത് നിക്ഷേപങ്ങൾ തിരിച്ചുകൊടുക്കുന്നതിനുവേണ്ടിയുള്ള ഫലപ്രദമായ ശ്രമങ്ങളാണ്. ഈ ആക്ടിൽ കുറെ പോരായ്മകൾ ഉള്ളതുകൂടി പരിഹരിച്ചു കഴിഞ്ഞാൽ നമുക്ക് ശക്തമായി ഇത് നിയന്ത്രിക്കാൻ കഴിയും. അതിൽ പോരായ്മകൾ വന്നാൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ആവശ്യമുള്ള സപ്ലിമെന്റ് ഗവൺമെന്റ് ഏർപ്പെടുത്തുന്നതാണ്.

ശ്രീ. കെ.പി. പ്രഭാകരൻ : സർ, ഈ സ്വകാര്യ പണമിടപാടുകാരെ സംബന്ധിച്ച് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ചെയർമാൻ വളരെക്കാലമായിട്ട് നമ്മുടെ സമ്പത്ഘടനയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെപ്പറ്റി പ്രസ്താവന നടത്തിയിട്ടുള്ളതാണ്. ഇവർ ആഴ്ചതോറും അംഗീകൃത പലിശ നിരക്കിൽ ഈടാക്കുന്ന പലിശ ആയാലും, ഡെപ്പോസിറ്റ് അംഗീകൃത നിരക്കിൽ കൂടുതൽ കൊടുക്കുന്ന പലിശ ആയാലും ഇതിനെല്ലാം തന്നെ വ്യത്യസ്ത കണക്ക് രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. പക്ഷേ കണക്കിൽ അംഗീകൃത നിരക്കേ കാണുകയുള്ളൂ. ഇതിൽ കവിഞ്ഞുള്ള സംഖ്യ അതാത് ആഴ്ച കൂട്ടി വീതം വച്ച് ഈടാക്കുന്ന ഒരു നടപടിയാണ് മുഴുവൻ ബ്ലേഡ് കമ്പനികളിലും നടത്തുന്നതെന്നുള്ളത് ഇന്ന് അങ്ങാടിപ്പാട്ടാണ്. ഇത് കണ്ടുപിടിക്കാൻ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സെയിൽസ് ടാക്സ് ഓഫീസർക്കുമാത്രം കഴിയുകയില്ല. സെയിൽസ് ടാക്സിൽ തന്നെ രണ്ടു വിധത്തിലുള്ള ഫ്രർപ്പാടാണുള്ളത്. 6863 കമ്പനികളുടെ പേരിലാണ് ഇപ്പോൾ നടപടിയെടുത്തിരിക്കുന്നതെന്നുള്ള കാര്യം ഈ രാജ്യത്തെ എല്ലാവർക്കും അറിയാം. ഇത് എന്തുകൊണ്ട് റെയിഡ് ചെയ്ത് പിടിക്കാൻ കഴിയുന്നില്ല. എവിടെയാണ് തകരാറ് എന്ന് ഒന്ന് വ്യക്തമാക്കാമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : ഏത് സ്ഥാപനവും റെയിഡ് ചെയ്യുന്നതിന് അവകാശവും അധികാരവുമുള്ള എല്ലാ ഏജൻസികളുടെയും സഹായം കഴിഞ്ഞ മൂന്നു മാസമായി ഗവൺമെൻറിന് കിട്ടിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഞാൻ അതിൻെറ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല.

മണി ലെൻഡേഴ്സ് ആക്ടിന് ചില തടസ്സങ്ങളുണ്ട്. ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് വാറൻറ് കൊടുക്കുമ്പോഴേ തന്നെ അവർ കക്ഷിയാകുന്നു. അതാണ് ഒരു ബുദ്ധിമുട്ട്. അങ്ങനെയുള്ള ബുദ്ധിമുട്ടുണ്ടാകുന്നതുകൊണ്ട് റിസർവ്വ് ബാങ്കിൻെറ ഉദ്യോഗസ്ഥൻമാർ വരുമ്പോഴേ സംസ്ഥാന ഗവൺമെൻറിൻെറ പ്രൊട്ടക്ഷൻ കൊടുക്കുന്നു. പക്ഷേ ഇതൊന്നും ആക്ടിൻെറ പരിധിയിൽ വരുന്നതല്ല. അതുകൊണ്ട് പരിശോധിക്കാൻ കഴിയുന്നില്ല. ഇപ്പോൾ കേസ് കോടതിയിൽ ഇരിക്കുന്നതുകൊണ്ട് ഞാൻ വ്യക്തമാക്കുന്നില്ല. രണ്ട് കണക്കുകളാണ് അവർ സൂക്ഷിക്കുന്നത്. ഒന്ന് സ്വകാര്യ കണക്കുകളും മറെറാന്ന് സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെൻറ് തരുന്ന കണക്കുകളും. ഈ രണ്ടു കണക്കുകളും പല കമ്പനികളിൽ നിന്നും നമ്മൾ എടുത്തിട്ടുണ്ട്. അക്കാര്യത്തിൽ വിട്ടുവീഴ്ചയില്ലാതെ പരിശോധിക്കാം. രണ്ടു കണക്കെന്നുള്ളത് ഇപ്പോൾ ബോദ്ധ്യമായിട്ടുണ്ട്. ഞാൻ നേരത്തെ ബഹുമാനപ്പെട്ട ആർ.എസ്. ഉണ്ണിയുടെ ചോദ്യത്തിൻെറ മറുപടി പറഞ്ഞത് പതിനൊന്നായിരത്തിൽപ്പരം കമ്പനികളുണ്ടായിരുന്നത് ഇപ്പോൾ എണ്ണായിരമായി കുറഞ്ഞു എന്നാണ്. എന്നാൽ ശ്രീ. വി. ദിനകരൻ ചോദിച്ചപ്പോൾ മദ്രാസ്, കാശ്മീർ, ബാംഗ്ലൂർ ഇവിടെയായിരുന്നു ആ കമ്പനികൾ. ഹൈദ്രാബാദ് ഹെഡ്ഡാഫീസുമായിരുന്നു. അതെല്ലാം ലെയ്സാൺ ഓഫീസായിട്ടാണ് വരുന്നത്. ഏതു ഹെഡ്ഡാഫീസായാലും കേരളത്തിൽ പ്രവർത്തിക്കണമെങ്കിൽ ഈ നിയമത്തിൻെറ പരിധിയിൽ അല്ലാതെ പ്രവർത്തിക്കാതിരിക്കത്തക്ക രീതിയിൽ വളരെ ശക്തമായ നിയമഭേദഗതികൾ ഈ ആക്ടിൽ കൊണ്ടുവരാനാണ് ഈ ഗവൺമെൻറ് ആഗ്രഹിക്കുന്നത്.

ശ്രീ. കെ.പി. പ്രഭാകരൻ : ഇത്തരം ചില കമ്പനികൾ ഈ അടുത്ത കാലത്ത് പൊളിഞ്ഞതിൻെറ ഫലമായി ലക്ഷക്കണക്കിന് രൂപ സാധാരണ നിക്ഷേപകർക്ക് നഷ്ടപ്പെട്ട പല സംഭവങ്ങളും റിപ്പോർട്ട് ചെയ്തിരുന്നു. അത്തരം സംഭവങ്ങളിൽ ആരുടെയെല്ലാം പേരിൽ കേസെടുത്തിട്ടുണ്ട് ? ആ നിക്ഷേപകരുടെ പണം തിരിച്ചുകിട്ടുന്നതിന്. എന്തെങ്കിലും മാർഗ്ഗം അവലംബിച്ചിട്ടുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഇവിടെ തലസ്ഥാന നഗരിയിൽത്തന്നെ പ്രവർത്തിക്കുന്ന രണ്ടു പ്രധാനപ്പെട്ട കമ്പനികളിൽ ഒന്ന് സമരിയാസ് എന്നുപറയുന്ന കമ്പനിയാണ്. മദ്രാസിലാണ് ഇതിൻെറ ഹെഡ്ക്വാർട്ടേഴ്സ്. 27 ലക്ഷം രൂപ രണ്ട് ബ്രാഞ്ചുകളിലായി നിക്ഷേപമായിട്ടുണ്ട്. കഴിഞ്ഞ 9 മാസക്കാലമായി നിക്ഷേപകർക്ക് ഒരു പൈസയും കൊടുക്കുന്നില്ല. നിക്ഷേപകർക്ക് പൈസ കൊടുക്കണമെന്ന്, പോലീസ് ഇടപെട്ട് ശക്തമായ രീതിയിൽ അവരോട് ആവശ്യപ്പെട്ടു. അവർ കൊടുക്കാമെന്ന് പറഞ്ഞു. അവർ പിറെറ ദിവസംതന്നെ നാലഞ്ചു ലക്ഷം രൂപ നിക്ഷേപകർക്ക് കൊടുത്തുവെന്നാണ് മനസിലാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞത്. ബാക്കി തുക കൊടുക്കാതെ ഇപ്പോഴും അവർ കമ്പനി പിരിച്ചുവിട്ടിരിക്കുകയാണ്. വല്ല നടപടിയും നടത്താൻ കഴിയുമോ എന്ന് ഞങ്ങൾ പരിശോധിച്ചു. മസ്ക്കറ്റ് ഹോട്ടലിന്റെ അടുത്ത് 12 നിലയിലുള്ള ഒരു കെട്ടിടം അവർ പണിതു. രണ്ടര ലക്ഷം രൂപ വച്ച് 11 ഫ്ളാറ്റും വിറ്റുകഴിഞ്ഞു. കാശ് മുടക്കി അക്കൗണ്ടബിളായിട്ട് കൊടുത്തിരിക്കുന്നു. ഇപ്പോൾ തിരുവനന്തപുരത്തുനിന്നും വാങ്ങിയ കാശ് ഉപയോഗിച്ച് ഫ്ളാറ്റ് ഉണ്ടാക്കി ഇപ്പോൾ അത് വിറ്റിട്ട് സമരിയാസ് ഫിനാൻസിയേഴ്സ് എന്ന് പറയുന്നത് മാറ്റി സമര്യാസ് എൻറർപ്രൈസസ് എന്നുപറയുന്ന ഒരു പുതിയ കമ്പനിയുണ്ടാക്കി. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ബാങ്ക് റേറ്റ് നിശ്ചയിക്കുന്നത് റിസർവ് ബാങ്ക് ആക്ടിൽ പറഞ്ഞിരിക്കുന്നത്, അനുസരിച്ചുള്ളതല്ലാതെ കൂടുതൽ കൊടുക്കുകയും വാങ്ങുകയും ചെയ്യരുത് എന്നുള്ളതാണ് നിലപാട്. അങ്ങനെ ചെയ്യാതിരിക്കാനുള്ള നടപടി നടത്തിയിട്ടുണ്ട്. ഇവിടെ എത്രയോ നിരപരാധികൾ കഷ്ടപ്പെടുന്നു. ഇവിടെ വഞ്ചിയൂരിൽ വേറൊരു കമ്പനിയുണ്ട്. ഒരാൾ എഴുപതിനായിരം രൂപ പി.എഫ്., ഗ്രാറ്റുവിറ്റി ഇനത്തിൽ നിക്ഷേപിച്ചിരുന്നു. ഒരു പൈസയും തിരിച്ചു കിട്ടിയില്ല. ഇതുപോലുള്ള 40 പേർ ഹൈക്കോടതിയിൽ കേസ് കൊടുത്തിരിക്കുകയാണ്. കാശില്ലാതെ കമ്പനി ഇവിടന്ന് പോയിരിക്കുകയാണ്. ആദ്യത്തെ രണ്ടുമാസം 2200 രൂപാ വച്ച് ഇവർക്ക് പലിശ കൊടുക്കണം. അപ്പോൾ അവർ പെൻഷൻ പറ്റിയ ഉദ്യോഗസ്ഥൻമാരെ സ്വാധീനിച്ച് അവരുടെ മുഴുവൻ പണവും അവിടെ നിക്ഷേപിപ്പിച്ചു. അതിൽ ഈ സെക്രട്ടേറിയറ്റിൽ നിന്ന് പോയവരിൽ തന്നെ 25 പേരുണ്ട്. ഈ റിട്ടയർമെൻറ് ചെയ്തവർ നിക്ഷേപിച്ചിട്ടുള്ള കാശ് കിട്ടാൻ ഹൈക്കോടതിയിൽ പോയി കേസ് കൊടുത്തിരിക്കുകയാണ്. അവരെ സഹായിക്കാൻവേണ്ടി ഗവൺമെൻറ് പ്രത്യേകം വക്കീലിനെക്കൂടി വച്ച് ഈ കമ്പനിക്കെതിരായിട്ട് നടപടി നടത്താനുള്ള കാര്യത്തെപ്പറ്റി പരിശോധിക്കുകയാണ്. ഈ കാര്യത്തിൽ എല്ലാ പ്രോട്ടക്ഷനും കൊടുക്കുകയാണ്.

ശ്രീ. പി.ജെ. തങ്കപ്പൻ : നിയമത്തിൽ വ്യവസ്ഥയില്ലാത്തതുകൊണ്ടാണ് കർശനമായ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ കഴിയാത്തതെന്ന് മന്ത്രി ഇവിടെ പറഞ്ഞു. അതുപോലെ തന്നെ കുറെയധികം കഴുത്തറുപ്പൻ കമ്പനികളെ പറ്റി ശോധിച്ചെന്നും പറഞ്ഞു. പരിശോധിച്ചതിന്റെ ഫലം അദ്ദേഹം പ്രഖ്യാപിച്ചില്ല. കർശനമായി നിയന്ത്രണങ്ങൾ കൊണ്ടുവരണമെന്ന് അദ്ദേഹത്തിന്റെ വാചകത്തിൽ ആത്മാർത്ഥതയുണ്ടായിരുന്നെങ്കിൽ, കഴിഞ്ഞ രണ്ടുമൂന്ന് മാസങ്ങൾക്കുമുൻപ് തന്നെ ഒരു ഓർഡിനൻസ് വഴി ഒരു ഭേദഗതി നിയമം പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിയുമായിരുന്നു. ഒരു യൂണിവേഴ്സിറ്റിയെപോലും ഓർഡിനൻസ് വഴി പ്രഖ്യാപിച്ച ഒരു ഗവൺമെൻറാണിത്. അതുകൊണ്ട് വാചകത്തിൽ ആത്മാർത്ഥതയില്ല എന്ന് ഞാൻ ആരോപിക്കുന്നു.

ശ്രീ. തച്ചടി പ്രഭാകരൻ : ഇതുമായി ബന്ധപ്പെട്ടവരുമായി റിസർവ്വ് ബാങ്കിൽ നിന്നും ചില വ്യവസ്ഥകൾ പറഞ്ഞിട്ടുണ്ട്. അതിന്റെ ഗവർണ്ണരുടെ അംഗീകാരം ഈ കാര്യത്തിൽ ആവശ്യമുണ്ട്. സഭയിൽ ഒരു ഭേദഗതി നിയമം അവതരിപ്പിക്കുന്നതിനും ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനും അതാവശ്യമാണ്. ഇവിടെ തന്നെ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പക്ഷേ ആ ഓർഡിനൻസ് പലിശയെ സംബന്ധിച്ചുള്ള ഒന്നു രണ്ടു വകുപ്പുകൾ മാത്രമാണ്, നേരെമറിച്ച് സമഗ്രമായ ഒരു ബില്ല് കൊണ്ടുവരണമെന്ന ഉദ്ദേശത്തിൽ റിസർവ്വ് ബാങ്ക് ഉദ്യോഗസ്ഥൻമാരുമായും അതുപോലെ തന്നെ കേന്ദ്ര ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരുമായും ഇതിനകം തന്നെ ചർച്ചകൾ നടത്തിയിട്ടുണ്ട്. നിയമത്തിൽ ഇന്നുള്ള പഴുതുകൾ കുറെക്കൂടി ഒഴിവാക്കുന്നതിനുവേണ്ടിയുള്ള ചർച്ചകൾ നടത്തിയിട്ടുണ്ട്. ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് ഒരു പ്രശ്നമല്ല. പക്ഷേ റിസർവ്വ് ബാങ്കിന്റെ അംഗീകാരം ഇതിനാവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര ഗവൺമെൻറിൻെറ അംഗീകാര: ആവശ്യമാണ°. ഞാൻ തന്നെ രണ്ടു പ്രാവശ്യം കേന്ദ്രഗവൺമെൻറ° ഉദ്യോഗസ°ഥൻമാരുമായും റിസർവ്വ° ബാങ്ക° ഗവർണ്ണർ അടക്കമുള്ള ആളുകളുമായും ഇതിനെക്കുറിച്ച° ചർച്ച ചെയ°തു. ഗവൺമെൻറ° ഒരു ഭേഗതിനിയമം കൊണ്ടുവന്നാൽ ആ നിയമത്തിൻെറ പഴുതിൽ നിന്ന° ആർക്കും രക്ഷപ്പെടാൻ സാദ°ധ്യമാകരുത°. അല്ലെങ്കിൽ നിയമം കൊണ്ടു വന്നിട്ട° കാര്യമില്ല. പ്രധാനപ്പെട്ട കമ്പനികളെല്ലാം കേസ° സുപ്രീം കോടതിയിൽ കൊടുത്തിട്ടുണ്ട°. ഉദാഹരണമായി യുണൈറഡ° ഫിനാൻസിയേഴ°സ° ഇൻവെസ°റുമെൻറ° കമ്പനി, കോട്ടയം, ഓറിയൻറൽ ഫിനാൻസിയേഴ°സ° ടെക°സ°റെയിൽ കമ്പനി, കോട്ടയം, ഫിനാൻസ° ഇൻഡ്യാ, കൊച്ചിൻ, മുത്തൂറ° ആൻറ° ജോർജ° ബാങ്കേഴ°സ°, കോഴഞ്ചേരി, മുത്തൂറ° ഫിനാൻസിയേഴ°സ°, തിരുവനന്തപുരം, മുത്തൂറ° ഫിനാൻസ° കമ്പനി, കോഴഞ്ചേരി, മുത്തൂറ° ഫിനാൻസ° കോർപ്പറേഷൻ, കോഴഞ്ചേരി. മുത്തൂറ° ബാങ്കേഴ°സ°, തിരുവനന്തപുരം, ന്യൂ ഇൻഡ്യാ ഫിനാൻസ°, കോട്ടയം, യുണൈറഡ° ബാങ്കേഴ°സ°, കോഴഞ്ചേരി, ആൽവേ ഫിനാൻസ° തുടങ്ങിയവ ഇവിടെ ബാങ്കിംഗ° വ്യവസായം നടത്തുന്നുവെന്ന° പറയുന്നത° സുപ്രീം കോടതിയിലെ സ°റേ അനുസരിച്ചാണ°. അതുകൊണ്ട° കോടതിയിൽ ഒരു ഭേഗതി നിയമം ഉണ്ടാക്കിക്കഴിഞ്ഞാൽ സുപ്രീം കോടതിയിൽ പോയാലും രക്ഷപ്പെടാനുള്ള പഴുത° ഉണ്ടാകാത്ത രീത°യിലുള്ള നിയമം ആയിരിക്കണം നമ്മം ഉണ്ടാക്കേണ്ടത°.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ°ററർ : സ്വകാര്യ പണമിടപാട° സ°ഥാപനങ്ങളിൽ നിക്ഷേപിച്ച പണം ഈ ഇടപാടുകാർക്ക° തിരിച്ചു കിട്ടുന്നതിന° ഗവൺമെൻറ° വല്ല നടപടിയും സ്വീകരിക്കാൻ ഉദ°ദേശിക്കുന്നുണ്ടോ ? വല്ലതും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഗവൺമെൻറിന° ലഭിച്ച അനേകം പരാതികം ഡിപ്പാർട്ടുമെൻറ° വഴി അന്വേഷിക്കുകയും പലർക്കും പണം മുഴുവനായോ, ഭാഗികമായോ കിട്ടുന്നതിനുള്ള എല്ലാ സാദ°ധ്യതയും ഉണ്ടാക്കുകയും ചെയ°തിട്ടുണ്ട°. ഞാൻ നേരത്തെ പറഞ്ഞു, തിരുവനന്തപുരത്തെ രണ്ടു കമ്പനികളാണ° ഈ നടപടിയിൽ നിന്ന° പോയിട്ടുള്ളതെന്ന°. പോലീസിനെക്കൊണ്ട° ആക°ഷൻ എടുക്കാൻ കഴിയുന്ന സ°ഥലത്ത° പോലീസിനെക്കൊണ്ടും, സെയിൽസ° ടാക°സ° ഉദ്യോഗസ°ഥൻമാരെക്കൊണ്ട° ആക°ഷൻ എടുക്കാൻ കഴിയുന്ന സ°ഥലത്ത° സെയിൽസ° ടാക°സ° ഉദ്യോഗസ°ഥൻമാരെക്കൊണ്ടും എടുപ്പിക്കാം. കേന്ദ്ര ഗവൺമെൻറിൻെറ പല ഏജൻസികളും ഉണ്ട°. അവരെയും ഇക്കാര്യത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ°.

ശ്രീമതി കെ. ആർ. ഗൗരി : ഇവിടെ നിയമം കൊണ്ടു വരുന്നതിനുള്ള ബുദ°ധിമുട്ടുകളെ സംബന°ധിച്ച° മന്ത്രി പറഞ്ഞു, റിസർവ്വ° ബാങ്കിനോട° ആലോചിക്കണം, കേന്ദ്ര ഗവൺമെൻറിനോടാലോചിക്കണം എന്നൊക്കെ. ഈ രണ്ടു പേരോടും കൂടി ആലോചിച്ചെങ്കിൽ മാത്രമേ നിയമം കൊണ്ടു വരാനാകൂ എന്നു പറയുകയുണ്ടായി. റിസർവ്വ° ബാങ° നിങ്ങളുടെ ആവശ്യപ്രകാരം ഇപ്പോഴും ഇത° അന്വേഷിക്കാനും നടപടിയെടുക്കാനും വന്നു കഴിഞ്ഞിട്ടുണ്ട°. കേന്ദ്ര ഗവൺമെൻറിൻെറ അനുവാദത്തോടുകൂടിയാണ° പല നിയമങ്ങളും വരുന്നത°. ഈ നിയമത്തെ സംബന°ധിച്ച° എട്ടു മാസത്തിനു മുമ്പ° ഈ നിയമസഭയിൽ ഒരു ഭേഗതി കൊണ്ടുവന്ന ചർച്ച നടത്തിയിട്ടുണ്ട°. അന്ന° ഇതുപോലെയുള്ള പല ബ്ലേഡ° കമ്പനികളും നമ്മുടെ സംസ°ഥാനത്തല്ലാതെ പുറം സംസ°ഥാനങ്ങളിൽ രജിസ°ററർ ചെയ്യുന്നതായതുകൊണ്ട° അതിൻെറ പേരിൽ നടപടിയെടുക്കാൻ സെയിൽടാക°സ°കാർക്കോ മററു ഉദ്യോഗസ°ഥൻമാർക്കോ നിയമപ്രകാരമോ അവകാശം ഇല്ല, അതിനു അവകാശം നൽകുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഭേദഗതി നിയമം ഓർഡിനൻസായി കൊണ്ടു വരണമെന്നാണ് അന്നറഞ്ഞതും ആവശ്യപ്പെട്ടത്. അത് കഴിഞ്ഞതിനുശേഷം ഇപ്പോഴും നിയമത്തിന്റെ നൂലാമാലയിൽ പിടിച്ചുകൊണ്ട് ഇന്നയാളിന്റെ അനുവാദം വേണമെന്ന് പറഞ്ഞു അന്വേഷണം നീട്ടിക്കൊണ്ടുപോകുന്നതിന്റെ അർത്ഥമെന്താണ്? ഈ കമ്പനികളും നിർബാധം തുടർന്ന് ആളുകളിൽ നിന്ന് ഇഷ്ടമുള്ളത്ര പലിശ ഈടാക്കുന്നതിനും നിക്ഷേപം സ്വീകരിക്കുന്നതിനും പ്രേരിപ്പിക്കുന്നതിനും വേണ്ടിയല്ലേ?

ശ്രീ. തച്ചടി പ്രഭാകരൻ : റിസർവ്വ് ബാങ്കിന്റെ അനുകൂലനിയന്ത്രണങ്ങളും ഈ കാര്യത്തിൽ വരുന്നതാണ്. ശരിയായി, നമ്മൾ അത് നടപ്പിലാക്കണമെങ്കിൽ റിസർവ്വ് ബാങ്കുമായി ചർച്ച ചെയ്യുകയും, കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്യുകയും വേണം.

ശ്രീമതി കെ. ആർ. ഗൗരി : താൽക്കാലികമായിട്ടുള്ളതാണ് ഞാൻ ചോദിച്ചത്.

ശ്രീ. തച്ചടി പ്രഭാകരൻ : ഇവിടെ നമ്മൾ ഒരു നിയമം കൊണ്ടുവരുമ്പോൾ കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം തേടുമ്പോൾ, പലതും റിസർവ്വ് ബാങ്കുമായി ബന്ധമുള്ളതുകൊണ്ട് ഈ സഭ പാസ്സാക്കി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്ക് അയച്ചാൽപോലും അവർ ഉടൻതന്നെ റിസർവ്വ് ബാങ്കിന് റഫർ ചെയ്യും. അങ്ങനെ റഫർ ചെയ്താൽ അവിടെ കിടക്കും. അങ്ങനെ കാലതാമസം ഉണ്ടാകാതിരിക്കുന്നതിനു വേണ്ടിയാണ് നമ്മൾ ഒരു ബിൽ ഒറിജിനേറ്റ് ചെയ്തതിനുശേഷം അതിന്റെ വകുപ്പുകളെക്കുറിച്ച് സംശയമുണ്ടാകാതിരിക്കത്തക്ക രീതിയിൽ റിസർവ്വ് ബാങ്ക് അടക്കമുള്ള ഹൈ ലവൽ അതോറിറ്റിയുമായി ചർച്ച ചെയ്തത് കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരുമായുമൊക്കെ ചർച്ച ചെയ്തതിനുശേഷം ഈ സഭയിൽ അത് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. കാലതാമസം ഒഴിവാക്കുകയെന്നുള്ള ഗവൺമെന്റിന്റെ നയംകൊണ്ടാണ് ആദ്യമായി അവരുമായി ഇത് ചർച്ച ചെയ്തതിനുശേഷം ബില്ലായി ഈ സഭയിൽ അവതരിപ്പിക്കുന്നത് നന്നായിരിക്കുമെന്ന് തോന്നിയത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ജനങ്ങളെ ബ്ലേഡു കമ്പനികളെ സമീപിക്കാതിരിക്കാൻവേണ്ടി ഈ ഗവൺമെന്റ് എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ? ധനകാര്യമന്ത്രി, പാവപ്പെട്ട ആളുകൾക്ക് പതിനായിരം രൂപവരെ ഗോൾഡ് ലോൺ കൊടുക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. വാസ്തവത്തിൽ ഒരു സഹകരണ സംഘംപോലും പതിനായിരം രൂപ വരെ കൊടുത്തിട്ടില്ല. അതിനുള്ള പൈസ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഇതുവരെ കൊടുത്തിട്ടില്ല. ഇത് വെറുതെ ആളുകളെ കളിപ്പിക്കാനുള്ള ഒരു ഏർപ്പാടായി മാറിയിരിക്കുകയാണ്. മുതലിൽ കൂടുതൽ പലിശ വരുന്ന ഒരേർപ്പാടാ് നിരോധിക്കാനും, നിയന്ത്രിക്കാനും ഒരു നിയമനിർമ്മാണം നടത്താനുദ്ദേശിക്കുന്നുണ്ടോ? എങ്കിൽ ഈ ബ്ലേഡ് കമ്പനികളൊക്കെ തന്നെ തകരും. മുതലിൽ കൂടുതൽ പലിശ വരാതിരിക്കാൻ ഉള്ള ഒരു നിയമ നിർമ്മാണം നടത്താൻ മന്ത്രി തയ്യാറാകുമോ?

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇവിടെ സ്വകാര്യ ബാങ്കിൽ പോയി ആളുകൾ അത്യാവശ്യത്തിന് അമിത പലിശ കൊടുത്ത് കാര്യങ്ങൾ നേടുകയാണ് ചെയ്യുന്നത്. പക്ഷേ നമ്മുടെ പ്ലാനിംഗ് കമ്മീഷനും റിസർവ്വ് ബാങ്കും എല്ലാം തന്നെ കുറഞ്ഞ പലിശയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

നിക്ഷേപം വാങ്ങുകയും ലെൻഡ് ചെയ്യുന്നവർക്ക് കുറഞ്ഞ പലിശയ്ക്ക് കൊടുക്കുകയും വേണമെന്നു കർശനമായി നിയന്ത്രിച്ചിരിക്കുകയാണ്. അതിന് എതിരായി കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെയും. കേന്ദ്ര ഗവൺമെന്റിന്റെയും, സംസ്ഥാന ഗവൺമെന്റുകളുടെയുമെല്ലാം നയത്തിനെതിരായിട്ടാണ് സഹകാര്യ ബാങ്ക് വ്യവസായം പോകുന്നത്. അതുകൊണ്ട് പലിശ നിയന്ത്രിക്കുകയെന്നുള്ളത് നമ്മുടെ രാജ്യത്തെ ഇൻഫ്ലേഷൻ കുറയ്ക്കുന്നതിനും വായ്പയെടുക്കുന്ന ആളുകളുടെ ആവശ്യത്തിനുമൊക്കെ അത് സഹായകമാണ്. നമ്മുടെ നാഷണലൈസ്ഡ് ബാങ്കുകളും, കമേഴ്സ്യൽബാങ്കുകളും, സഹകരണ ബാങ്കുകളും ഇവയൊക്കെ അത്യാവശ്യമായി വരുന്ന ആളുകൾക്ക് വായ്പകൊടുക്കുന്ന കാര്യത്തിൽ അവരുടെ നയം ഉദാരമാക്കണമെന്ന് രണ്ടു പ്രാവശ്യം റിസർവ്വ് ബാങ്ക് ഗവർണ്ണറോട് പറഞ്ഞിട്ടുണ്ട്. നാഷണലൈസൻസ് ബാങ്കുകളുടെ ചെയർമാൻമാരെ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ തന്നെ തിരുവനന്തപുരത്ത് വിളിച്ചുകൂട്ടി ഈ ബ്ലേഡ് കമ്പനികളെ ഗവൺമെന്റ് നിയന്ത്രിക്കുന്ന അവസരത്തിൽ പാവപ്പെട്ട ആളുകൾക്ക് അത്യാവശ്യത്തിന് വായ്പ കിട്ടാതിരിക്കാനുള്ള നടപടി ഉണ്ടാകാൻ പാടില്ല എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ നാഷണലൈസ്ഡ് ബാങ്കുകളുടെയും കമേഴ്സ്യൽ ബാങ്കുകളുടെയും നയത്തിൽ മാറ്റമുണ്ടാക്കി. അതുപോലെ പ്രാഥമിക സംഘങ്ങൾ അയ്യായിരം രൂപയിൽതാഴെയാണ് ഇതുവരെ ലോൺ കൊടുത്തിരുന്നത്. അത് പതിനായിരം രൂപയെങ്കിലും ഒരാളിന് ലോൺ കൊടുക്കണമെന്നു പറഞ്ഞു. അതനുസരിച്ച് സഹകരണ സംഘങ്ങൾ അത് നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. അതുപോലെ ബോർഡിനോടും ആവശ്യപ്പെട്ടിരിക്കുകയാണ്. സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും ലോണിൽ അയ്യായിരം രൂപയെന്നുള്ളത് പതിനായിരം രൂപയായി ഉയർത്തുകയുണ്ടായി. ഉദാരമായ ഒരു സമീപനം ഈ കാര്യത്തിൽ കമേഴ്സ്യൽ ബാങ്കുകളും സഹകരണ ബാങ്കുകളും എടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. പരമാവധി ഫലപ്രദമായ രീതിയിൽ അത് നടപ്പിലാക്കാൻ വേണ്ടി ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ആയിരം രൂപ ലോൺ എടുത്താൽ രണ്ടായിരത്തിയഞ്ഞൂറ് രൂപ പലിശ വരുന്ന ഒരേർപ്പാട് നിർത്താൻ നടപടിയെടുക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : പലിശ വാങ്ങുന്നതിനും ഈടാക്കുന്നതിനുമൊക്കെ റിസർവ്വ് ബാങ്കിന് ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ വ്യക്തമായ വ്യവസ്ഥയുണ്ട്. ഇതിൽ എല്ലാ സഹകരണ സ്ഥാപനങ്ങളും വരും.

ശ്രീ. തോമസ്സ് കല്ലംപള്ളി : ഇന്ന് നിലവിലുള്ള നിയമം അനുസരിച്ച് തന്നെ ഒരു സഹകാര്യ പണമിടപാട് കമ്പനി ഒരു നിശ്ചിത എണ്ണത്തിലധികം ആളുകളിൽ നിന്ന് നിക്ഷേപം സ്വീകരിക്കരുതെന്നുണ്ട്. പക്ഷെ അതിൽക്കൂടുതലാളുകളിൽ നിന്ന് നിക്ഷേപം സ്വീകരിക്കുന്ന കമ്പനികളാണ് ഇന്ന് നിലവിലുള്ളവയെല്ലാം. ഇത് നിയന്ത്രിക്കാൻ നിലവിലുള്ള ആക്ട് വച്ച് തന്നെ കഴിയും. അതുപോലെ ചില ബ്ലേഡ് കമ്പനികളും നടത്തി അവ പൊട്ടിപ്പോകുമ്പോൾ ആളുകൾക്ക് പണം നഷ്ടപ്പെടുന്നു. ആ പണം അവർക്ക് തിരിച്ച് വാങ്ങിക്കൊടുക്കാൻ യാതൊരു നിർവ്വാഹവുമില്ല. ഉദാ: മണിമലയിലുള്ള ഒരു പെട്ടിക്കടക്കാരൻ 'സതേൺ ഫൈനാൻസിയേഴ്സ്' എന്ന പേരിൽ ഒരു കമ്പനി തുടങ്ങുകയും കേരളം ഒട്ടാകെ ബ്രാഞ്ചുകളും തുറക്കുകയും അതിനുശേഷം ആളുകളോട് ലക്ഷക്കണക്കിന് രൂപ ഡപ്പോസിറ്റായി വാങ്ങുകയും ചെയ്തു. അവസാനം അത് മുങ്ങിപ്പോയി : ഈയടുത്ത കാലത്ത് പോലീസ് അദ്ദേഹത്തെ പിടിച്ചു, വിശ്വാസവഞ്ചനയ്ക്ക് ഒരു

LIBRARY ARCHIVES Kerala Legislative Assembly

കേസ് എടുത്തിട്ടുണ്ട്. പോലീസിന് വിശ്വാസ വഞ്ചനയ്ക്കല്ലാതെ കേസ് എടുക്കാൻ വകുപ്പില്ല. ഇതിൽ പോലീസിന് കൂടുതൽ അധികാരങ്ങൾ കൊടുത്തുകൊണ്ട് പണമിടപാടുകാരുടെ പെട്ടെന്നുണ്ടാകുന്ന സാമ്പത്തിക വളർച്ച വീലയിരുത്താനൊരു സംവിധാനമുണ്ടാക്കുന്നതിനെ സംബന്ധിച്ചിടത്തോളം മന്ത്രി ആലോചിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതു പോലെ റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യാ ആക്ടിലെ ചാപ്റ്റർ (3) (സി) അനുസരിച്ച് ഒരു സഹകാര്യ പണമിടപാട് സ്ഥാപനത്തിന് ആകെ എത്ര പേരിൽ നിന്ന് നിക്ഷേപം സ്വീകരിക്കാമെന്നതിന് വ്യക്തമായ വ്യവസ്ഥയുണ്ട്. കമ്പനി നടത്തുന്നത് ഒരു വ്യക്തിയാണെങ്കിൽ 25 പേരിൽ നിന്നും പാർട്ണർഷിപ്പാണെങ്കിൽ ഓരോ പാർട്ണർക്കും 25 വീതം ആളുകളിൽ നിന്നും നിക്ഷേപം സ്വീകരിക്കാം. എന്നാൽ എത്ര പാർട്ണർമാരുണ്ടായിരുന്നാലും പരമാവധി 250 പേരിൽ നിന്നു മാത്രമേ നിക്ഷേപം സ്വീകരിക്കാവൂ. അങ്ങനെ വ്യക്തമായ വ്യവസ്ഥ റിസർവ്വ് ബാങ്ക് ആക്ടിൽ ഉണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ മണിലെൻഡേഴ്സ് ആക്ടിൽ ഈ വ്യവസ്ഥയൊന്നും ഇല്ല. പരിശോധനകൾ നടത്തുന്നതിൽ റിസർവ്വ് ബാങ്ക് ഉദ്യോഗസ്ഥൻമാർക്കും സെയിൽടാക്സ് ഉദ്യോഗസ്ഥൻമാർക്കും കൂടെ അധികാരങ്ങളുണ്ട്. കൂടാതെ സംസ്ഥാന ഗവൺമെൻറിനും കുറച്ച് അധികാരങ്ങളുണ്ട്. അത് ഉപയോഗിച്ചു പരിശോധിച്ചു നടപടി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

മി. ഡപ്യൂട്ടി സ്പീക്കർ : ആദ്യത്തെ ചോദ്യത്തിന് തന്നെ അര മണിക്കൂർ എടുത്തു, അതുകൊണ്ട് ചോദ്യവും ഉത്തരവും കുറച്ചുകൂടി ചുരുക്കിയാൽ തരക്കേടില്ല.

ശ്രീ. എം. വി. രാഘവൻ : 'ആദിത്യാ ഫൈനാൻസിയേഴ്സ്' എന്നൊരു സ്ഥാപനം കേരളത്തിൽ പ്രവർത്തിക്കുന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അവർ പല തട്ടിപ്പും നടത്തുകയാണ്. ഇതേക്കുറിച്ച് അങ്കമാലി പ്രദേശത്തുനിന്ന് വല്ല പരാതിയും ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ? അവർ ജനങ്ങളിൽ നിന്ന് പണം സ്വീകരിക്കുക, എന്നിട്ട് ജോലി കൊടുക്കാമെന്നു പറഞ്ഞ് ഒരു തട്ടിപ്പ് വ്യവസായം നടത്തിയിട്ട് ആ പണം തിരിച്ച് കൊടുക്കാതിരിക്കുകയും ജോലി കൊടുക്കാതെ ആളുകളെ പറഞ്ഞിക്കുകയും ചെയ്യുന്നു. അത്തരം സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ : പ്രൈവറ്റ് ഫൈനാൻസിയേഴ്സ് ഈ പറയുന്നത് പല തരത്തിൽപ്പെടുന്നവരാണ്. ചിലർ പത്തും ഇരുന്നൂറും പേരെ റിക്രൂട്ട് ചെയ്യും. ഇരുപതും ഇരുപത്തയ്യായിരവും രൂപ വീതം ഉദ്യോഗാർത്ഥികളിൽ നിന്ന് വാങ്ങി ഒരു ആഫീസ് തുടങ്ങും, കുറച്ച് നിക്ഷേപങ്ങൾ നാട്ടിൽ നിന്ന് സംഭരിക്കും. അതിനൊക്കെ പോലീസ് ചാർജ്ജ് ചെയ്തിട്ടുള്ള നിരവധി കേസുകൾ ഇന്ന് സംസ്ഥാനത്ത് നിലവിലിരിക്കുകയാണ്.

സംസ്ഥാനത്തിന് വെളിയിൽ നിന്നും വാങ്ങുന്ന വൈദ്യുതി

*37 [37] ശ്രീ. കൊരംപയിൽ അഹമ്മദ് ഹാജി :
,, സീതി ഹാജി :
,, കെ. പി. എ. മജീദ് :
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളം അന്യസംസ്ഥാനങ്ങളിൽനിന്നും വൈദ്യുതി വാങ്ങുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly